Gk/01

# പകൽ വീട്ടിലേക്ക് വിരുന്നു വിളിക്കുന്ന കരകുളം

വൃദ്ധന്മാരാണ് ഈ വീട്ടിലുള്ളതെങ്കിലും വൃദ്ധസദനമല്ല. കലാകായിക പരിപാടികൾ നടക്കുന്നുണ്ടെങ്കിലും കലാശാലയുമല്ല. പകരം നിർധനരും, നിരാലംബരുമായവൃദ്ധർക്കായ്തിരുവനന്തപുരത്തെ കരകുളം പഞ്ചായത്ത് ഒരുക്കിയ പകൽ വീടാണ് ഈ വീട്. തിരുവനന്തപുരം പഞ്ചായത്തുകാർ ഇതിനെ പകൽ വീട് പദ്ധതി 2008-2009 എന്ന് പറയുമെങ്കിലും ഇവിടെയുള്ള വൃദ്ധർക്ക്ഇത്തങ്ങളുടെ സ്വന്തം വീടാണ്. പുതുതായി തുടങ്ങിയ ഈ പദ്ധതിയിൽ എട്ട് പേരാണ് ഉള്ളത്. പകൽ സമയങ്ങളിൽ കഥ പറഞ്ഞും, വിവിധ തരം കളികളിൽ പങ്കെടുത്തും പൊട്ടിച്ചിരിച്ചുംപകൽവീട്ടിൽ ചെലവഴിക്കുന്ന വൃദ്ധർരാത്രിയാകുന്നതോടെസ്വഗൃഹങ്ങളിലേക്ക്ഉറങ്ങാനായിമടങ്ങുന്നു. വീണ്ടും രാവിലെ ഇവർ പകൽവീടുകളിലേക്ക് ഓടിയെത്തുന്നു.

ഇപ്പോൾ എട്ട് പേരാണുള്ളത്. എട്ട് പേർക്ക് വിശ്രമിക്കാൻ ചാരുകസേരകളും, വായിക്കാൻ മേശകളും, കാണാൻ ടി.വിയുമുണ്ട്. അങ്കണവാടി ടീച്ചർമാരും, ഹെൽത്ത് സെന്റർ ജീവനക്കാരും ഇവർക്ക് വേണ്ട വൈദ്യസഹായം നൽകാനായി ഈ പകൽ വീട്ടിലുണ്ട്. ഇതു കൂടാതെ മൂന്നു നേരത്തെ ഭക്ഷണവും പഞ്ചായത്ത് ഇവർക്ക് നൽകു ന്നുണ്ട്. പഴയ പാട്ടുകൾ പാടിയും, കടങ്കഥകൾ പറഞ്ഞും, കുട്ടിയും കോലും കളിച്ചും തങ്ങളുടെ കുട്ടിക്കാലത്തിന്റെ ഓർമ്മകളിലേക്ക് മടങ്ങാൻ ശ്രമിക്കുന്ന ഇവർക്ക് ഏറ്റവും ഇഷ്ടമുള്ള കളി പല്ലാംകുഴി കളിയാണ്. കരകുളത്തെ ഒറ്റപ്പെടുന്ന എല്ലാ വൃദ്ധർക്കും പകൽ വീട് ഒരു ആശ്വാസമാണ്. ബി.പി.എൽ, എ.പി.എൽ എന്ന വ്യത്യാസമില്ലാതെ പഞ്ചായത്ത് തികച്ചും സൗജന്യമായാണ് ഈ പകൽ വീട് വൃദ്ധർ ക്കായി സമർപ്പിച്ചിരിക്കുന്നത്.

ജില്ല - തിരുവനന്തപുരം
പഞ്ചായത്ത് - കരകുളം
പ്രസിഡന്റ് - ആർ. പ്രീത
ഫോൺ നമ്പർ - 9446521517, 0471 - 2372046

നിലീന അത്തോളി